# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **06.10.2016 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 2208**

<u>കുമ്പടാജെയൽ മലയാളം മീഡിയം ഹൈസ്കൂൾ</u>

| <u>ചോദ്യം</u> | | | <u>ഉത്തരം</u> |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | | പ്രൊഫ.സി. രവീന്ദ്രനാഥ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | കാസർകോഡ് നിയോജകമണ്ഡലത്തിൽ കുമ്പടാജെ ഗ്രാമപഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്ക്കൂൾ ഇല്ലാത്തതിന്റെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഈ വിഷയം പരിശോധിച്ചു വരുന്നു. ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്ക്കൂൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് എത്ര നിവേദനങ്ങൾ ആരൊക്കെ തന്നിട്ടുണ്ട് എന്നും അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | കുമ്പടാജെ പഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം നിലവിൽ സർക്കാരിൽ പരിഗണനയിലില്ല. |
| (സി) | ഇതുപോലെ മലയാളം മീഡിയം ഹൈസ്ക്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ കേരളത്തിൽ വേറെ എവിടെയെങ്കിലും ഉണ്ടോ; എങ്കിൽ പഞ്ചായത്തുകളുടെ പേര് വ്യക്തമാക്കാമോ; അത്തരം പഞ്ചായത്തുകളിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട് ലഭിച്ച നിവേദനങ്ങളിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | സി) | ഉണ്ട്. മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിലെ വോർക്കാടി പഞ്ചായത്തിലും മലയാളം മീഡിയം ഹൈസ്ക്കൂളില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിൽ ഹൈസ്ക്കൂൾ അനുവദിക്കുന്നതിന് വോർക്കാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് 31.08.2016 - ൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷ, സംസ്ഥാനത്ത് പുതുതായി സ്കൂളുകൾ തുടങ്ങുന്നതും/അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ചുളള 25.05.2016 - ലെ അസാധാരണ ഗസറ്റ് നം. 985 - ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുളള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് 23.09.2016 ൽ നൽകിയിട്ടുണ്ട്. |

Hema.V

സെക്ഷൻ ഓഫീസർ